കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

********************************

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-6 /1982/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി : 27.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് 2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട്

1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-6 /1982/2017 തീയതി:27.11.2017

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 22.02.2017 മുതൽ 31.10.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച | 06.11.2017 മുതൽ |

| | |
|---|---|
| സമയം | 10.11.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ .സൈമൺ.കെ,<br>ഓഡിറ്റ് ഓഫീസർ<br>(ഹയർ ഗ്രേഡ്) |
| | ശ്രീ.ചന്ദ്രപ്രകാശ്.സി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജയകുമാരിഅമ്മ. ജി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജയേഷ്.ജെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്.ശശികുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എം.എസ്.അനിൽകുമാർ | 01.04.2016 മുതൽ 31.03.17 വരെ |
| | | |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി.വി.വസന്തകുമാരി | 01.04.2016 മുതൽ 31.5.16വരെ |
| | ശ്രീമതി.എസ്.ഷൈലജ (ഇൻ ചാർജ്ജ്) | 01.06.2016 മുതൽ 14.07.16 വരെ |
| | ശ്രീമതി.ശാന്ത | 15.07.2016 മുതൽ 31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.പി.ജെ.പ്രീതാദേവി | 01.04.2016 മുതൽ 10.01.17 വരെ |
| | ശ്രീ.കെ.കെ.സുനിൽകുമാർ (അഡീഷണൽ ചാർജ്ജ്) | 10.01.17 മുതൽ |

| | | |
|---|---|---|
| | | 2.2.17 വരെ |
| | ശ്രീ.കെ.കെ.പ്രസാദ് | 2.2.17 മുതൽ 31.03.17 വരെ |
| അസി.എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീമതി സുനിതകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| സീനിയർ വെറ്റിനറി സർജൻ | ശ്രീമതി.ദീപ പ്ലാസിഡ് | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി അസി.ഓഫീസർ | ശ്രീ.ലൂയിസ് മാത്യൂ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | ഡോ.ജ്യോതിലാൽ | 01.04.2016 മുതൽ 31.03.17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സഞ്ജയൻ.എസ് | 01.04.2016 മുതൽ 31.07.2016 വരെ |
| | ശ്രീമതി.സുരേഖ | 01.08.2016 മുതൽ 19.8.16 വരെ |
| | ശ്രീ.വി.ജി.വിശ്വനാഥൻ | 20.08.2016 മുതൽ 02.09.2016 വരെ |
| | ശ്രീ.സൂസൻ ഗിൽബർട്ട് | 03.09.2016 മുതൽ 05.09.2016 വരെ |
| | ശ്രീമതി.ശേബാ സുഗതൻ | 06.09.2016 |

| | | |
|---|---|---|
| | | മുതൽ 31.03.2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

### 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 29.02.2016 തീയതിയിലെ

ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 31.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 8-11-2017 | ഈ റിപ്പോർട്ടിനൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1)കേരള വാട്ടർ അതോറിറ്റിയിൽ ഡപ്പോസിറ്റ് വർക്കിന് നൽകിയ തുക ബാലൻസ് ഷീറ്റിലെ അഡ്വാൻസ് റ്റു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.
2)ഐ.എ.വൈ ലോൺ ഇനത്തിൽ 1,42,63,943/- രൂപ (പലിശ ഉൾപ്പെടെ) തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ സെക്യൂർഡ് ലോൺസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.
3) സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലെ വരവ് തുകയായി വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്ന 1,18,72,353/- രൂപയുടെ

വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞില്ല.
5)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.
6)റസീപ്റ്റ് & പേമെന്റിലെ ആർ.പി.9 എന്ന ശീർഷകത്തിലെ അദർ ഇന്ററസ്റ്റ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 14,04,715/- രൂപയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
6)ബാലൻസ് ഷീറ്റിലെ B9- ഷെഡ്യൂൾ അദർ ലയബിലിറ്റി എന്ന ശീർഷകത്തിൽ കാണിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ഹാജരാക്കാത്തതിനാൽ ആയത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,10,04,209 |
| വരവ് | 6,87,91,408 |
| ആകെ | 11,97,95,617 |
| ചെലവ് | 7,87,71,725 |
| നീക്കിയിരിപ്പ് | 4,10,23,892 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,90,30,167 | 1,90,30,167 | 1,90,30,167 | - | - |
| വികസനഫണ്ട് എസ്.സി.പി. | - | 1,17,77,131 | 1,17,77,131 | 1,17,77,131 | - | - |
| വികസനഫണ്ട് ടി.എസ്.പി. | - | 69,474 | 69,474 | 69,474 | - | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് | - | 11,95,438 | 11,95,438 | 11,95,438 | | |

| | | | | | | |
|---|---|---|---|---|---|---|
| നോൺറോഡ് | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 87 | 5,73,55,850 | 60 | 3,27,89,053 | - | 27 | 68.9% |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2017 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,350/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി നിർണ്ണയിക്കാൻ കഴിയാത്ത അവസ്ഥയാണ്, ഇൻകംബൻസി രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവയും പരിപാലിക്കുന്നില്ല. ലോൺ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് ചെലവുകൾ പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്മാർ പദ്ധതികൾ യഥാസമയം ഏറ്റെടുത്ത് നടപ്പിലാക്കാത്തതിനാൽ (ഉദാഹരണം വ്യവസായ വികസന ഓഫീസർ തൻ വർഷം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.) പദ്ധതി പണം പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.8.17 മുതൽ 29.8.17 വരെ | 2016-2017 | 7.10.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.3.17 | 2012-13 - 2015-16 | 20.5.17 |

14

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വരവ്കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പച്ചക്കറി വികസനപദ്ധതി -അഡ്വാൻസായി തുക നൽകിയെങ്കിലും പച്ചക്കറിതൈകൾ പൂർണ്ണമായും ലഭിച്ചില്ല

പച്ചക്കറി വികസനപദ്ധതി (പ്രോജക്ട് നം.S0077/17) പ്രകാരം വെളിയം, എഴുകോൺ, പൂയപ്പള്ളി, കരീപ്ര, നെടുവത്തൂർ ഗ്രാമപഞ്ചായത്തുകൾക്ക് പച്ചക്കറി തൈ വിതരണം നടത്തുന്നതിനായി 5,00,000/- രൂപ വകയിരുത്തി ചെലവഴിച്ചു. (ബിൽനം.3/16-17/27.2.17) ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 5,00,000/- രൂപ അഡ്വാൻസായി വിവിധയിനം പച്ചക്കറി തൈകൾ വാങ്ങുന്നതിന് കൊട്ടാരക്കര സീഡ്ഫാമിന് നൽകിയിട്ടുണ്ട്. തൈ ഒന്നിന് 2.2 രൂപ നിരക്കിൽ 227273 തൈകൾ വാങ്ങുന്നതിനാണ് തുക നൽകിയത്.എന്നാൽ നാളിതുവരെ 109000 തൈകൾ മാത്രമാണ് വിതരണത്തിന് ലഭ്യമാക്കിയത്. ശേഷിക്കുന്ന 118273 തൈകൾ സീഡ്ഫാമിൽ

നിന്നും ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.5/ 8.11.17)വിതരണം പൂർത്തീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന തൈകളുടെ വിലയായ 2,60,200.6 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 <u>പാലിയേറ്റീവ് കെയർ പദ്ധതി ബ്ലോക്ക് വിഹിതം നൽകൽ സംയുക്ത പദ്ധതികളുടെ രേഖകളോ വിനിയോഗ സാക്ഷ്യപത്രമേ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു</u>

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പാലിയേറ്റീവ് കെയർ പദ്ധതികളിൽ ബ്ലോക്ക് വിഹിതം നൽകൽ പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയതിന്റെ കൈപ്പറ്റ് രസീതോ വിനിയോഗ സാക്ഷ്യപത്രമോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | | ബിൽ നമ്പർ | തുക |
|---|---|---|---|---|
| 1 | പദ്ധതി നമ്പർ | എസ്.0006/2017 (രണ്ടാം ഗഡു നൽകിയത് മാത്രം) | സി.ബി-29/16-17/ 23.03.2017 (പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്) | 49,694/- |
| | പേര് | പാലിയേറ്റീവ് കെയർ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | സി.ബി-25/16-17/ 21.03.2017 (വെളിയം ഗ്രാമ പഞ്ചായത്ത്) | 49,687/- |
| | ഫണ്ട് | വികസന ഫണ്ട് (ജനറൽ) | സി.ബി-27/16-17/ 21.03.2017 (കരീപ്ര ഗ്രാമ പഞ്ചായത്ത്) | 49,694/- |
| | | | സി.ബി-23/16-17/ 21.03.2017 (നെടുവത്തൂർ ഗ്രാമ പഞ്ചായത്ത്) | 49,694/- |
| 2 | പദ്ധതി | എസ്.0092/2017 | സി.ബി-08/16-17/ | 1,00,000/- |

| | | | | |
|---|---|---|---|---|
| | | | 17.11.2016 (പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്) | |
| | നമ്പർ | | സി.ബി-32/16-17/ 22.03.2017 (പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്) | 20,000/- |
| | പേര് | പാലിയേറ്റീവ് കെയർ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് അധിക വിഹിതം നൽകൽ | സി.ബി-18/16-17/15.03.2017 (വെളിയം ഗ്രാമ പഞ്ചായത്ത്) | 1,20,000/- |
| | ഫണ്ട് | വികസന ഫണ്ട് (ജനറൽ) | സി.ബി-17/ 16-17/15.03.2017 (കരീപ്ര, ഗ്രാമ പഞ്ചായത്ത്) | 1,20,000/- |
| | | | സി.ബി-13/16-17/ 01.02.2017 (നെടുവത്തൂർ, ഗ്രാമ പഞ്ചായത്ത്) | 1,20,000/- |
| | | | സി.ബി-19/16-17/ 15.03.2017 (എഴുകോൺ ഗ്രാമ പഞ്ചായത്ത്) | 1,20,000/- |
| ആകെ | | | | 6,64,579/- |

മേൽ പദ്ധതികളുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 03/07.11.2017 ന് മറുപടി നൽകിയിട്ടില്ല. തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കത്തോ അപേക്ഷയോ ലഭ്യമല്ല. സംയുക്ത പ്രോജക്ട് ഗ്രാമ പഞ്ചായത്ത് പദ്ധതി വയ്ക്കാതെ ആയതിന് തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ നടപടി അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഒടുക്കഅക്കൗണ്ടിൽ ഒടുക്ക് വരുത്തുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകളും തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ അപേക്ഷയും ഹാജരാക്കേണ്ടതാണ്. ആയതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 ഐ.എ. വൈ ലോൺ ബ്ളോക്ക് പഞ്ചായത്തിന് ബാധ്യത

2012 – 13 സാമ്പത്തികവർഷം ഐ. എ. വൈ അധിക ധനസഹായ വിഹിതം ഗുണഭോക്താക്കൾക്ക് നൽകുന്നതിന് വേണ്ടി കൊട്ടാരക്കര ബ്ളോക്ക് പഞ്ചായത്ത് നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1,13,31,248/രൂപ 12% പലിശ നിരക്കിൽ ലോൺ എടുത്തിട്ടുണ്ട്. ആയതിൽ നിന്നും 1,07,20,468/-രൂപ ബ്ലോക്ക്പഞ്ചായത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 10 വർഷത്തെ കാലാവധിയിൽ എടുത്ത ടി തുകയിൽ നാളിതുവരെ 7,00,000/രൂപ മുതലും, 75,000/-രൂപ പലിശയും മാത്രമേ ഒടുക്ക് വരുത്തിയിട്ടുള്ളൂ. നാളിതുവരെയുള്ള ബാധ്യത 1,47,63,943/-രൂപ യാണ്. ടി തുക അതാത് വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി ഗഡുക്കളായി ഒടുക്ക് വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതും, ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും, പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-4 ഐ.എ.വൈ.ഭവനനിർമ്മാണ പദ്ധതികൾ- നിർവ്വഹണത്തിലെ അപാകതകൾ

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ ഭവന നിർമ്മാണ പദ്ധതികളായ ഐ.എ.വൈ, പി.എം.എ.വൈ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പദ്ധതി നമ്പർ - എസ്.0013/2017

| | |
|---|---|
| പേര് | പി.എം.എ.വൈ.(ജി) 2016-2017ജനറൽ വിഭാഗം വീടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| തുക | 8,64,000/- |
| ബിൽ നമ്പർ | സി.ബി-33/2016-17/23.03.2017 |

മേൽ പദ്ധതിയിൽ 27 ഗുണഭോക്താക്കൾക്കായി 32,000/- രൂപ വീതം

8,64,000/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കൊട്ടാരക്കര ജില്ലാ ട്രഷറിയുടെ 799011400000924-ാം നമ്പർ അക്കൗണ്ടിൽ ( ഐ.എ.വൈ അക്കൗണ്ടിൽ ) നിക്ഷേപിച്ചിരിക്കുന്നു. ആയതിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

- 27 ഗുണഭോക്താക്കളിൽ 6 ഗുണഭോക്താക്കൾ മാത്രമാണ് നിർവ്വഹണം പൂർത്തീകരിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിച്ചവരുടെ ഭവനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.
- ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെടാത്ത ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പേരിൽ തുക പിൻവലിച്ച് ടി.എസ്.ബി. അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേരും മേൽ വിലാസവും | തുക |
|---|---|---|
| 1 | ജയകുമാർ, ചരുവിള പുത്തൻവീട്, വാക്കനാട് | 32,000 |
| 2 | സുശീല, മുകളുവിള കിഴക്കതിൽ, തൃപ്പലഴികം | 32,000 |
| 3 | രാജപ്പൻ പിള്ള, പൂംതോട്ടത്തിൽ പുത്തൻ വീട്, നെടുവത്തൂർ | 32,000 |
| 4 | കുഞ്ഞമ്മ, മാവോട്ടുചരുവിള പുത്തൻവീട്, ഓടനാവട്ടം | 32,000 |
| 5 | മുരളീധരൻ പിള്ള കിഴക്കേക്കര വീട്, തേവലപ്പുറം | 32,000 |
| 6 | റഷീദാബീവി, ചരുവിള പുത്തൻവീട്, വാക്കനാട് | 32,000 |
| 7 | ലീന, ബീമാ മൻസിൽ, പെരിയക്കോട് | 32,000 |
| 8 | മിനി ജോൺസൺ,കൊച്ചുവേളി, ചെങ്കുളം | 32,000 |

- 12 ഗുണഭോക്താക്കൾക്ക് മാത്രമേ പിൻവലിച്ച തുക പൂർണ്ണമായും നൽകിയിട്ടുള്ളൂ. ബാക്കി തുക പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

2.പദ്ധതി നമ്പർ - എസ്.0014/2017

2.

| | |
|---|---|
| പേര് | പി.എം.എ.വൈ.(ജി) 2016-2017എസ്.സി വിഭാഗം വീടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |

| | |
|---|---|
| തുക | 25,92,000/- |
| ബിൽ നമ്പർ | സി.ബി-33/2016-17/23.03.2017 |

മേൽ പദ്ധതിയിൽ 37 ഗുണഭോക്താക്കൾക്കായി 72,000/- രൂപ വീതം 25,92,000/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് കൊട്ടാരക്കര ജില്ലാ ട്രഷറിയുടെ 799011400000924-ാം നമ്പർ അക്കൗണ്ടിൽ ( ഐ.എ.വൈ അക്കൗണ്ടിൽ )നിക്ഷേപിച്ചിരിക്കുന്നു. ആയതിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

- 37 ഗുണഭോക്താക്കളിൽ 08 ഗുണഭോക്താക്കൾ മാത്രമാണ് നിർവ്വഹണം പൂർത്തീകരിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിച്ചവരുടെ ഭവനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി പിൻവലിച്ച തുക അക്കൗണ്ടിൽ ശേഷിക്കുന്നു.
- 15 ഗുണഭോക്താക്കൾക്ക് മാത്രമേ പിൻവലിച്ച തുക മുഴുവനും നൽകിയിട്ടുള്ളൂ. മറ്റ് ഗുണഭോക്താക്കളുടെ പേരിൽ പിൻവലിച്ച തുകകൾ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.
- ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെടാത്ത ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പേരിൽ തുക പിൻവലിച്ച് പ്രത്യേക ടി.എസ്.ബി. അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേരും മേൽ വിലാസവും | തുക |
|---|---|---|
| 1 | അമ്മിണി, അമ്മിണി ഭവൻ, കാഞ്ഞിരംപാറ,കായില. | 72,000 |
| 2 | പൊടിച്ചി, കുരിപ്പള്ളിക്കോണം, പ്ലാക്കോട്. | 72,000 |
| 3 | വിജയലക്ഷ്മി, അജിഭവൻ, എഴുകോൺ. | 72,000 |
| 4 | സരസ്വതി, ഉദയ ഭവൻ, പുതുശ്ശേരിക്കോണം | 72,000 |
| 5 | സുനിത, സുനിൽ വിലാസം, ഇലയം, കരിപ്ര | 72,000 |
| 6 | രാധ, ചരുവിള പുത്തൻവീട്, വാക്കനാട് | 72,000 |
| 7 | ലളിത, പൊയ്കവിളവീട്, വാക്കനാട്. | 72,000 |
| 8 | ഷൈലജ, നിരപ്പുവിളവീട്, ഓടനാവട്ടം | 72,000 |

മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/09.11.2017) മറുപടി നൽകിയില്ല. ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെടാത്തവരുടെ പേരിൽ തുക പിൻവലിച്ചതിന് വിശദീകരണം നൽകേണ്ടതും കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. ഭവനനിർമ്മാണം പൂർത്തീകരിച്ചവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി വിവരം അറിയിക്കേണ്ടതുമാണ്.

താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്കായി തുക പിൻവലിച്ച് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

- എ)

| | |
|---|---|
| പദ്ധതി നമ്പർ | എസ്. 0091/2017 |
| പേര് | ഐ.എ.വൈ അധിക സഹായം നൽകൽ (സ്പിൽ ഓവർ വീടുകൾ) |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| തുക | 4,05,000/- |
| ബിൽ നമ്പർ | സി.ബി-21/2016-17/15.03.2017 |

- ബി)

| | |
|---|---|
| പദ്ധതി നമ്പർ | എസ്. 0093/2017 |
| പേര് | ഐ.എ.വൈ അധിക സഹായം നൽകൽ (സ്പിൽ ഓവർ വീടുകൾ) (എസ്.സി.ഗുണഭോക്താക്കൾ) |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| തുക | 2,00,000/- |
| ബിൽ നമ്പർ | സി.ബി-07/2016-17/17.11.2016 |

- സി)

| | |
|---|---|
| പദ്ധതി നമ്പർ | എസ്. 0097/2017 |

| | |
|---|---|
| പേര് | ഐ.എ.വൈ അധിക സഹായം നൽകൽ (സ്പിൽ ഓവർ വീടുകൾ) (എസ്.സി.ഗുണഭോക്താക്കൾ) |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| തുക | 35,60,000/- |
| ബിൽ നമ്പർ | സി.ബി-20/2016-17/15.03.2017 – 15,71,276/-<br>സി.ബി-22/2016-17/15.03.2017 – 19,68,081/- |

- ഡി)

| | |
|---|---|
| പദ്ധതി നമ്പർ | എസ്. 0107/2017 |
| പേര് | ഐ.എ.വൈ അധിക സഹായം നൽകൽ (സ്പിൽ ഓവർ വീടുകൾ) (എസ്.സി.ഗുണഭോക്താക്കൾ) |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| തുക | 10,80,000/- |
| ബിൽ നമ്പർ | സി.ബി-24/2016-17/21.03.2017 |

- ഇ)

| | |
|---|---|
| പദ്ധതി നമ്പർ | എസ്. 0114/2017 |
| പേര് | ഐ.എ.വൈ എസ്.സി.ഗുണഭോക്താക്കൾക്ക് അധിക സഹായം നൽകൽ |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| തുക | 6,25,000/- |
| ബിൽ നമ്പർ | സി.ബി-28/2016-17/22.03.2017 |

- മേൽ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് വേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ച് കൊട്ടാരക്കര ജില്ലാ ട്രഷറിയുടെ

799011400000924 -ാം നമ്പർ അക്കൗണ്ടിൽ ( ഐ.എ.വൈ അക്കൗണ്ടിൽ ) നിക്ഷേപിച്ചിട്ടുണ്ട്. മേൽ പദ്ധതികൾ ക്കായി 31,29,055/- രൂപ നാളിതുവരെ ചെലവായിട്ടുണ്ട് ആയതിൽ 21,09,055/- രൂപ മേൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും 10,20,000/- രൂപ കനാറാ ബാങ്കിന്റെ കൊട്ടാരക്കര ശാഖയുടെ 2681101011088-ാം നമ്പർ അക്കൗണ്ടിൽ നിന്നും ( ഐ.എ.വൈ അക്കൗണ്ടിൽ ) ചെലവഴിച്ചിരിക്കുന്നു. നിലവിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ 2,01,14,759/- രൂപയും, കനാറാ ബാങ്കിന്റെ കൊട്ടാരക്കര ശാഖയുടെ 2681101011088-ാം നമ്പർ അക്കൗണ്ടിൽ 1,53,58,432/- രൂപയും ശേഷിക്കുന്നുണ്ട്. കനാറാ ബാങ്കിന്റെ കൊട്ടാരക്കര ശാഖയുടെ 2681101011088-ാം നമ്പർ അക്കൗണ്ടിൽ നിന്നും ചെലവാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ തുകകളുടെ വിതരണം സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/09.11.2017 ന് മറുപടി നൽകുകയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ പദ്ധതി പ്രകാരം പിൻവലിച്ച തുകകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

4. 2012-2013 സാമ്പത്തിക വർഷം വർദ്ധിപ്പിച്ച് ഐ.എ.വൈ അധിക വിഹിതം നൽകുന്നതിന് വേണ്ടി നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1,07,20,468/- രൂപ ലോണെടുക്കുകയും ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു. ഇതിന്റെ വിതരണ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/09.11.2017 ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. കനാറാ ബാങ്കിന്റെ കൊട്ടാരക്കര ശാഖയുടെ 2681101011088-ാം നമ്പർ അക്കൗണ്ടിൽ തുക നിക്ഷേപിച്ചതിന്റെയും, ലോണിനത്തിൽ നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലഭിച്ച 1,07,20,468/- രൂപ തുക ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-5 ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതി എസ്.ടി. ഗുണഭോക്താവിനായി അധികം പിൻവലിച്ച തുക തിരികെ പ്ലാൻ ഫണ്ടിൽ അടവാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതി | നമ്പർ എസ്.0109/2017<br>പി.എം.എ.വൈ.(ജി) 2016-2017അധിക വിഹിതം എസ്.ടി. ഗുണഭോക്താവിന് (ടി.എസ്.പി) |
| ഫണ്ട് | വികസന ഫണ്ട് (ടി.എസ്.പി) |
| തുക | 69,474/- |
| ബിൽ നമ്പർ | സി.ബി-30/2016-17/23.03.2017 |

മേൽ പദ്ധതിയിൽ വെളിയം ഗ്രാമ പഞ്ചായത്തിലെ അനി.എ.കെ. അഭിഷേക് ഭവൻ, ഐ.എച്ച്.ഡി.പി. കോളനി, മറവൻകോട്, വെളിയം എന്നവ്യക്തിക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിലേക്കായി 69,474/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കൊട്ടാരക്കര ജില്ലാ ട്രഷറിയുടെ 799011400000924-ാം നമ്പർ അക്കൗണ്ടിൽ ( ഐ.എ.വൈ അക്കൗണ്ടിൽ )നിക്ഷേപിച്ചു. ആയതിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ മേൽ പദ്ധതിപ്രകാരം പിൻവലിച്ച തുകയിൽ 49,180/- രൂപ ഗുണഭോക്താവായ ശ്രീ.അനി.എ.കെ യുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയും ടിയാൻ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് തുക 820/- രൂപ കുറച്ചാൽ ബാലൻസ് 19,474/- രൂപ മേൽ പദ്ധതിയ്ക്കായി അധികം പിൻവലിച്ചിട്ടുണ്ട്.

മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/09.11.2017 ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. ഭവന നിർമ്മാണം പൂർത്തിയായിട്ടുള്ളതിനാൽ ഗുണഭോക്താവിന്റെ ഭവനം ഇൻഷ്വർ ചെയ്യേണ്ടതും അധികമായി പിൻവലിച്ച തുക ബന്ധപ്പെട്ട കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-6 പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക തടസ്സപ്പെട്ടുത്തുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്ക് നിർവ്വഹണം നടത്തുന്നതിലേക്കാവശ്യമായ നിർവ്വഹണ ഏജൻസിയിൽ അടവാക്കിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | | ബിൽ നമ്പർ | തുക |
|---|---|---|---|---|
| 1 | പദ്ധതി നമ്പർ | എസ്.0083/2017 | ബിൽ നമ്പർ - സി.ബി.14/16-17/ 01.02.2017 | 2,56,000/- |
| | പേര് | മൈലോട് ജയന്തി കോളനി കുടിവെള്ള പദ്ധതി | | |
| | ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) | | |
| | നിർവ്വഹണ ഏജൻസി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ കേരള വാട്ടർ അതോറിറ്റി, കൊട്ടാരക്കര | | |
| 2 | പദ്ധതി നമ്പർ | എസ്.0099/2017 | ബിൽ നമ്പർ - സി.ബി.34/16-17/ 31.03.2017 | 2,00,000/- |
| | പേര് | സമ്പൂർണ്ണ വൈദ്യുതീകരണം | | |
| | ഫണ്ട് | വികസന ഫണ്ട് (ജനറൽ) | | |
| | നിർവ്വഹണ ഏജൻസി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കൊട്ടാരക്കര | | |
| | പദ്ധതി | എസ്.0099/2017 | ബിൽ നമ്പർ - | 6,76,000/- |

| | | | | |
|---|---|---|---|---|
| | നമ്പർ | | | |
| | പേര് | സമ്പൂർണ്ണ വൈദ്യുതീകരണം | സി.ബി.26/16-17/ 31.03.2017 | |
| | ഫണ്ട് | വികസന ഫണ്ട് (ജനറൽ) | | |
| | നിർവ്വഹണ ഏജൻസി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ കേരള വാട്ടർ അതോറിറ്റി, കൊട്ടാരക്കര | | |
| ആകെ | | | | 11,32,000/- |

മേൽ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അല്ലെങ്കിൽ നിലവിലെ സ്ഥിതിയും അറിയിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/08.11.2017 ന് പദ്ധതികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നുമാണ് മറുപടിനൽകിയിരിക്കുന്നത്. പദ്ധതികൾ പൂർത്തീകരിക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവ്ചെയ്ത തുകകൾ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 <u>ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-തുക ഗുണഭോക്താക്കൾക്ക് നൽകിയതിന് രേഖകളില്ല</u>

ബ്ലോക്കുപഞ്ചായത്ത് 2016-17 വാർഷികപദ്ധതിയിലുൾപ്പെടുത്തി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(പ്രോജക്ട് നം. 67/17) നൽകുന്നതിനായി 19,00,000/- രൂപ (3,75,000/-രൂപ -ബിൽ നം.1/16-17/ 17.3.17, 4,25,000/- രൂപ -ബിൽ നം.2/16-17/17.3.17 , 8,00,000/- രൂപ – ബിൽ നം.3/16-17/18.3.17, 3,00,000/- രൂപ ബിൽ നം.4/16-17/ 18.3.17)ബ്ലോക്കിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പഞ്ചായത്തിന്റെ പേര് | നൽകിയ തുക |
|---|---|
| നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | 4,00,000 |
| എഴുകോൺ ഗ്രാമപഞ്ചായത്ത് | 3,00,000 |
| കരീപ്ര ഗ്രാമപഞ്ചായത്ത് | 4,00,000 |
| പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | 4,00,000 |
| വെളിയം ഗ്രാമപഞ്ചായത്ത് | 4,00,000 |

എന്നാൽ, തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ, പാലളവ് സംബന്ധിച്ച രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.13/9.11.17) മറുപടി ലഭ്യമാക്കിയില്ല. ഈയിനത്തിൽ ചെലവഴിച്ച 19,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-8** ഓട്ടോറിക്ഷ വാങ്ങൽ-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

ബ്ലോക്കുപഞ്ചായത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങി നല്കുന്നതിനായി 6,00,000/- രൂപ ചെലവഴിച്ചു. പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ ടി പ്രോജക്ട് പ്രകാരം 12 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം ധനസഹായം നൽകുന്നതിനായി തുക ചെലവഴിച്ചു. ധനസഹായ തുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല. കൂടാതെ, ആവശ്യമായ രേഖകളില്ലാതെ ചുവടെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായും കാണുന്നു.

| പേര് | ഗ്രാമ പഞ്ചായത്ത് | നൽകിയ തുക | ബിൽ നം/ തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| സുനിൽ.പി കുന്നവിളവീട് | പൂയപ്പള്ളി | 50,000 | 7/16-17/ 31.3.17 | വാഹനരജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, ഇൻഷ്വറൻസ് രേഖകൾ ,ബാങ്കിലേക്ക് തുക നൽകിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. |
| രാജു.എസ് ബിന്ദുഭവനം | എഴുകോൺ | 50,000 | 5/16-17/ 31.3.17 | വാഹനരജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, ഇൻഷ്വറൻസ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. |

രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.12/8.11.17) വാഹനരജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, ഇൻഷ്വറൻസ് രേഖകൾ എന്നിവ വാങ്ങി ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ 1,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സത്തിൽ നിന്നും ഒഴിവാകാവുന്നതാണ്.

**3-9** <u>സി.എച്ച്.സി യ്ക്ക് മരുന്നു വാങ്ങൽ -മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല</u>

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സി.എച്ച്.സി യ്ക്ക് മരുന്നു വാങ്ങൽ പ്രോജക്ടുകൾക്കായി (പ്രോജക്ട് നം.S0065/17-4,00,000/-,പ്രോജക്ട് നം.115/17-125000/-) മെയിന്റനൻസ്

ഫണ്ട് (റോഡിതരം) വകയിരുത്തിയിരുന്നു. മരുന്ന് ലഭ്യമാക്കുന്നതിനായി 4,00,000/- രൂപ ബിൽ നം.1/16-17/19.12.16 പ്രകാരവും1,25,000/- രൂപ 6/16-17/28.03.2017 ൽ പിൻവലിച്ച് KMSCL എന്ന സ്ഥാപനത്തിന് നൽകി. എന്നാൽ നാളിതുവരെയും മരുന്ന് ലഭ്യമായിട്ടില്ല. ആയതിന് സ്വീകരിച്ച തുടർനടപടി ഓഡിറ്റിൽ അറിയിക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (10/8.11.17) മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. ചെലവുതുകയായ 5,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ-പ്രോജക്ട് നടപ്പാക്കിയതിൽ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.S0055/17)2,50,000/- വികസനഫണ്ട് വകയിരുത്തിയതിൽ 2,49,500/- രൂപ ബിൽ നം.7/16-17/31.3.17 പ്രകാരം പിൻവലിച്ച് ചെലവഴിച്ചു. ടെണ്ടർ ക്ഷണിച്ചതിൽ സൺടെക് ബയോ ഗ്യാസ് എന്നസ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു.ബിൽ തുക ടി സ്ഥാപനത്തിന് നൽകിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. എന്നാൽ, സ്ഥാപനത്തിന്റെ കൈപ്പറ്റു രസീതുപ്രകാരം 2,22,055/- രൂപ കൈപ്പറ്റിയതായും കാണുന്നു. പിൻവലിച്ച 249500/- രൂപയിൽ 27,445/- രൂപ കുറവായിട്ടാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. പ്ലാന്റ് സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പിൻവലിച്ച തുകയിൽ ശേഷിക്കുന്നതുക സംബന്ധിച്ച് എൻക്വയറി (നം.11/ 8.11.17) നൽകിയതിന് നികുതിയിനത്തിൽ അടയ്ക്കാനുള്ള തുകയാണെന്ന് മറുപടി ലഭ്യമാക്കി. ആയത് തിരിച്ചടയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-11 വെളിയം കോളനി കനാൽ റോഡ് കോൺഗ്രീറ്റിംഗ് , വർക്ക് സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് ഫൈൻ ഈടാക്കിയിട്ടില്ല**14068/** രൂപ നഷ്ടം.

പ്രോജക്ട് നം. s0061/17

അടങ്കൽ തുക 5,00,000/-രൂപ.

കരാറുകാരൻ. ബൈജു. എസ്,

എഗ്രിമെൻറ് നം. 09/AEELSGD/ACL/2015-16 dated 13.08 .2015,

എം. ബുക്ക് നം. 41/2015-16,

ബിൽ നം. 01/2016-17dated 27.10.2016 Rs. 3,74,617/-രൂപ.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (പുതുക്കിയത്) സെക്ഷൻ 2112-1 അനുസരിച്ച് കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നേ മരാമത്ത് പൂർത്തികരിക്കേണ്ടത് കരാറുകാരൻെറ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണകാലാവധി പൂർണ്ണമായോ, ഭാഗികമായോ കരാറുകാരൻെറ പിഴവ്മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം .ദീർഘീകരണം ലഭിക്കാതെ പൂർത്തികരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച് പ്രവർത്തികൾ അനധികൃതമാണ്.ആദ്യ മൂന്നുമാസം 1%PAC(probable amount of cntract), mnimumRs.1000/-MaximumRs 5,00,00/. ആദ്യ തവണക്ക് ശേഷംഓരോ മൂന്നു മാസത്തിനും 2%PAC-minimum Rs.2000/- maximum Rs 1 lakh ഈടാക്കേണ്ടതാണ്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ടി വർക്കിൻെറ സൈറ്റ് 13.08 .2015 ൽ കരാറുകാരന് കൈമാറിയിട്ടുണ്ട്. മൂന്ന് മാസം കാലാവധിയാണ്. വർക്ക് പൂർത്തീകരണത്തിനായി കരാറുകാരന് അനുവദിച്ചിട്ടുള്ളത് . എന്നാൽ ഫൈനൽ വർക്ക് ബില്ല് , അളവ്പുസ്തകം എന്നിവയനുസരിച്ച് 15.06.2016 നാണ് വർക്ക് പൂർത്തിയാക്കിയത് . കരാർ വ്യവസ്ഥയനുസരിച്ച് ടി വർക്ക് പൂർത്തിയാക്കേണ്ടിയിരുന്നത് 13.11.2015 നാണ്, 13.11.2015മുതൽ 15.06.2016 വരെയുള്ള കാലയളവിലേയ്ക്ക് മേൽപറഞ്ഞതനുസരിച്ചുള്ള ഫൈൻ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ടിവർക്കിൻെറ പി. എ. സി തുക 3,74,617/- രൂപയാണ്. കരാറുകാരൻ വർക്ക് എക്സ്റ്റൻഷനുവേണ്ടി അപേക്ഷിക്കുകയോ, ടി അപേക്ഷ പരിഗണിച്ച് ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റി ഫൈൻ ഒഴിവാക്കി നൽകുകയോ ചെയ്തിട്ടില്ല. കരാറുകാരനിൽ നിന്നും താഴ പറയുന്നനുസരിച്ചുള്ള ഫൈൻ കണക്കാക്കി ഈടാക്കേണ്ടതാണ്.

(1) 13 .11 .2015 മുതൽ 12.02.2016 വരെയുള്ള ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി. എ. സി തുകയായ 3,74,617/- രൂപയുടെ ഒരു ശതമാനമായ 3,746/-രൂപ.

(2)13 .02.2016 മുതൽ 12.05.2016 വരെയുള്ള അടുത്ത മുന്ന് മാസത്തേയ്ക്ക് പി. എ. സി തുകയായ 3,74,617/-രൂപയുടെ രണ്ട് ശതമാനമായ7,492/-രൂപ.

(3)13.05.2016 മുതൽ 15 .06 .2016 വരെയുള്ള 34 ദിവസത്തേയ്ക്ക് പി. എ. സി തുകയായ 3,74,617/-രൂപയുടെ രണ്ട് ശതമാനം നിരക്കിൻെറ ആനുപാതിക തുക 2,830/-രൂപ.

ഫൈൻ ഇനത്തിൽ ബ്ളോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുക 14,068/-രൂപ. ടി തുക കരാറുകാരനിൽ നിന്നോ , ഫൈൻ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്. ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/2016-2017 dated 07.11.2017) ലഭ്യമാക്കിയ മറുപടിയിൽ റോഡിൻെറ സൈഡിൽ നിന്നും ഇലക്ട്രിക്പോസ്റ്റ് മാറ്റാനുണ്ടായ താമസമാണ് വർക്ക് സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി മറുപടി അംഗീകരിക്കത്തക്കതല്ല കാരണം കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, ആയത് പരിഗണിച്ച് ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റി ഫൈൻ ഒഴിവാക്കി നൽകുകയോ ചെയ്തിട്ടില്ല.

## **3-12** <u>സർവ്വീസ് ടാക്സ് അടച്ച രേഖ ഹാജരാക്കിയില്ല **31,089/-**രൂപ യുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു</u>

പ്രോജക്ട് നം. എസ് 0059/2017,

അടങ്കൽ തുക 3,27,443/-രൂപ

കരാറുകാരൻ . എൻ. രാജൻ. കരാർ നം. 18/AEE/LSGD/KTR

dated 16 .12 .2016,

എം.ബുക്ക് നം. 12/2016-17,

ബിൽ നം.08/2016-17 dated 21.02.2017

ടി വർക്കിൻെറ ആകെ പ്രവർത്തി മൂല്യം താഴെ പറയുന്നതനുസരിച്ച് കണക്കാക്കി കരാറുകാരന് ഫൈനൽ പേയ്മെൻെറ് നൽകിയിട്ടുണ്ട്.

ആകെ പ്രവർത്തിമൂല്യം 2,96,354/-രൂപ

കൂട്ടുക. സർവ്വീസ് ടാകസ് 31,089/-രൂപ

ആകെ 3,27,443/-രൂപ

കുറയ്ക്കുക വാറ്റ് 4% 11,854/-രൂപ

ഐ.റ്റി 1% 2,964/-രൂപ

ക്ഷേമനിധി വിഹിതം 17,782/-രൂപ

കരാറുകാരന് നൽകിയ തുക 309661/രൂപ. കരാറുകാരൻ സർവ്വീസ് ടാക്സ്

അടച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയ ശേഷമേ സർവ്വീസ് ടാക്സ് കൂടി ഉൽപ്പെട്ട തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകാവൂ.എന്നാൽ ആയതിന് പകരം കരാറുകാരൻ സർവ്വീസ് ടാക്സ് ഒടുക്കുന്നതിന് രജിസട്രേഷൻ നടത്തിയ CENTRAL BOARD OF EXCISE AND CUSTOMS ൻെറ FORM ST-2 മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിരിക്കുന്നത് . ഫൈനൽ വർക്ക് ബില്ലിനൊടൊപ്പം കരാറുകാരന് പിൻവലിച്ച് നൽകിയ 31,089/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. സർവ്വീസ് ടാക്സ് അടച്ച രസീത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ നം.01/2016-17 dated 07.11.2017 ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാന ത്തിലാണ് സർവ്വീസ് ടാക്സിന് വേണ്ടി രജിസ്ട്രേഷൻ നടത്തിയ ഫോം ഹാജരാക്കിയത്.

## 3-13 <u>പ്രവൃത്തിയുടെ രേഖകൾ ഇല്ല-ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു</u>

വൗച്ചർ നം.81/16-17 തീയതി. 27.09.2016

ചെക്ക് നം.7615538 തീയതി. 27.09.2016

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പരിസരം വൃത്തിയാക്കിയ വകയിൽ 11 പേർക്ക് 5,500/-കൂലിയും (11X500) ഉപകരണ വാടക 100/- രൂപയുമുൾപ്പെടെ 5,600/- രൂപ മേൽ വൗച്ചർ പ്രകാരം തനതു ഫണ്ടിൽ നിന്ന് ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ തൊഴിലാളികളുടെ മസ്റ്റർ റോളോ തൊഴിലാളികൾ കൂലി കൈപ്പറ്റിയതിന്റെ രേഖകളോ വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ 8/8.11.17 നമ്പർ എൻക്വയറിക്ക് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി ചെയ്തതിന്റെ രേഖകളില്ലാത്തതിനാൽ ചെലവുതുക 5,600/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വരവുതുകയായി വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 1,18,72,353/- രൂപയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ഡി.ഡി. നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | മൈലോട് ജയന്തി കോളനി കുടിവെള്ള പദ്ധതി | ബിൽ നമ്പർ - സി.ബി.14/ 16-17/01.02.2017 | 2,56,000/- | പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 2,56,000/- |
| കേരള ജല അതോറിറ്റി | പൂന്നളം സെനിത്ത് മുക്ക് കുടിവെള്ള പദ്ധതി | ബിൽ നമ്പർ - സി.ബി.26/ 16-17 31.03.2017 | 6,76,000/- | പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 6,76,000/- |
| കെ.എസ്.ഇ.ബി | എസ്.സി. കോളനികളിൽ സ്ട്രീറ്റ് മെയിൻ പിൻവലിക്കൽ പദ്ധതി 128/2015-216 | ബിൽ നമ്പർ - സി.ബി.34/16-17/ 31.03.2017 | 2,00,000/- | പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 2,00,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ പലിശയിനത്തിൽ 75,000/- രൂപ പലിശയിനത്തിൽ അടച്ചിട്ടുണ്ട് വർഷാവസാനം മുതലും പലിശയുമിനത്തിൽ തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി | 1,07,20,468/- | 1,55,13,943/- | - | 75,000/- | 1,47,63,943/- |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻ വർഷം ഈ ഇനത്തിൽ വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68791408 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78771725 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14068 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4618468.6 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | | 14068 | ശ്രീമതി.സുനിതകുമാരി, അസി.എക്സി.എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 260200.6 | ശ്രീ.ലൂയീസ് മാത്യൂ, കൃഷി അസ്സിസ്റ്റന്റ് അഡീഷണൽ ഡയറക്ടർ |
| 3-2 | 664579 | ശ്രീ.എം.എസ്.അനിൽകുമാർ , സെക്രട്ടറി |
| 3-6 | 1132000 | ശ്രീ.എം.എസ്.അനിൽകുമാർ , സെക്രട്ടറി |
| 3-7 | 1900000 | ശ്രീമതി.ശേബാസുഗതൻ , ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-8 | 100000 | ശ്രീ.കെ.കെ.പ്രസാദ്, SCDO |
| 3-9 | 525000 | ഡോ.ജ്യോതിലാൽ , MO, CHC |
| 3-12 | 31089 | ശ്രീമതി.സുനിതകുമാരി, |

| | | |
|---|---|---|
| | | അസി.എക്സി.എൻജിനീയർ |
| 3-13 | 5600 | ശ്രീ.എം.എസ്.അനിൽകുമാർ , സെക്രട്ടറി |
| ആകെ | 4618468.6 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുനിതകുമാരി അസിസ്റ്റന്റ് എക്സികൃൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സികൃൂട്ടീവ് എഞ്ചിനീയർ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് | ഹൗസ്.നം.26 പി.എസ്.നഗർ, വള്ളക്കടവ്.പി.ഒ, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1999-2000 | LFQ(DB)1376(11)/14/23.06.14 | | |
| 2000-2001 | LFQ(DB)1376(10)/14/23.06.14 | | |
| 2001-2002 | LFQ(DB)1376(9)/14/23.06.14 | | |
| 2003-2004 | LFQ(DB)1376(8)/14/23.06.14 | | |
| 2004-2005 | LFQ(DB)1376(7)/14/23.06.14 | | |
| 2005-2006 | LFQ(DB)1376(6)/14/23.06.14 | | |
| 2006-2007 | LFQ(DB)1376(5)/14/23.06.14 | | |
| 2007-2008 | LFQ(DB)1376(4)/14/23.06.14 | | |
| 2008-2009 | LFQ(DB)1376(3)/14/23.06.14 | | |
| 2009-2010 | LFQ(DB)1376(2)/14/23.06.14 | | |
| 2010-2011<br>2011-2012 | LFQ(DB)1376(1)/14/23.06.14 | | |
| 2012-2013<br>2013-2014 | LFQ(DB)2606/2014/28.02.15 | | |
| 2014-2015 | K.S.A.K.L.M.D.B-1813/16/1.2.17 | | |
| 2015-16 | K.S.A.K.L.M.D.B | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം -പി.6/1982/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി :27.11.2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12 ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം